**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2031** **02-02-2024 - ൽ മറുപടിയ്ക്ക്**

**ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിൽ പള്ളിപ്പുറം പഞ്ചായത്തിലെ ഐ.എച്ച്.ആർ.ഡി. കോളേജിൽ അനുവദിച്ച ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ എച്ച് ആർ ഡി കോളേജിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിലേയ്ക്കായി സർക്കാർ 16.83 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ എസ്.പി.വി ആയി ആദ്യം കിറ്റ്കോയെയാണ് നിയമിച്ചിരുന്നത്. കിറ്റ്കോ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കിഫ്ബിയിൽ നിന്നും പദ്ധതിയ്ക്കായി 7.67 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിരുന്നു. എന്നാൽ പദ്ധതി ദീർഘകാലം നടപ്പിലാകാതിരുന്ന സാഹചര്യത്തിൽ പദ്ധതി നിർവ്വഹണം കായികവകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിച്ചിരിക്കുകയാണ്.<br><br>ആദ്യഘട്ടത്തിൽ 18.45 കോടി രൂപയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിരുന്നെങ്കിലും പദ്ധതി തുക 9 കോടി രൂപയ്ക്കുള്ളിൽ നിജപ്പെടുത്തി സമർപ്പിക്കാൻ കിഫ്ബി നിർദേശിക്കുകയുണ്ടായി. പദ്ധതിരേഖ നിലവിൽ പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ പദ്ധതിരേഖ പ്രകാരം താഴെ പറയുന്ന ഘടകങ്ങളാണ് പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്.<br><br>1 200 മീറ്റർ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്<br><br>2 മിനി ഫുട്ബോൾ ടർഫ് ഗ്യാലറി<br><br>3.സ്റ്റെപ്പ് ഗ്യാലറി |
| (ബി) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണം നീണ്ടുപോകുന്നതിന്റെ കാരണം വിശദമാക്കാമോ? | (ബി) | കിറ്റ്കോ എസ് പി. വി. ആയിരുന്ന ഘട്ടത്തിൽ പദ്ധതിയ്ക്കുള്ള ഡി. പി. ആർ തയ്യാറാക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 2023-7-ാം മാസത്തിൽ പദ്ധതിയുടെ ഡി പി. ആർ തയ്യാറാക്കിയിരുന്നെങ്കിലും കിഫ്ബി പി എഫ് എം എസ് പോർട്ടലിലെ സങ്കേതിക പ്രശ്നം |

| | | | |
|---|---|---|---|
| | | | കാരണം പദ്ധതിരേഖ അപ് ലോഡ് ചെയ്യാനായിരുന്നില്ല. |

സെക്ഷൻ ഓഫീസർ